# ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്താറുണ്ടെങ്കിലും ആസൂത്രക്കുറവും പണത്തിന്റെ അപര്യാപ്തതയും പദ്ധതിയുടെ പൂർണ്ണമായ വിജയത്തിന് തടസ്സമാകുന്നു. ഈ തിരച്ചറിവിൽ നിന്ന് വിദ്യാലയത്തെയും അവിടെ നടത്തുന്ന പ്രവർത്തനങ്ങളുടെയും ദീർഘവീക്ഷണത്തോടെ പ്ലാൻ ചെയ്തു നടത്തുക എന്ന ലക്ഷ്യത്തോടെ 5 വർഷം മുന്നിൽ കണ്ട്കൊണ്ടുള്ള വിദ്യാലയ വികസന മാർഗ്ഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചു.

അക്കാദമികം, ഭൗതികം, സാമൂഹിക പ്രവർത്തനങ്ങൾ എല്ലാം ഉൾകൊണ്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഒരുവർഷത്തേക്കുള്ള കലണ്ടർ തയ്യാറാക്കുന്നു. പി.ടി.എ, ഒ.എസ്.എ അംഗങ്ങൾ, അധ്യാപകർ, വികസന സമിതി അംഗങ്ങൾ എന്നിവ ചേർന്നാണ് ഈ പ്ലാൻ തയ്യാറാക്കിയത്.

## നിലവിലുള്ള അവസ്ഥ

കുട്ടികളുടെ സർവ്വോന്മുഖമായ വികസനത്തിനുതങ്ങുന്ന നിരവധി ധാരണകളുംസ ശേഷികളും വികസിച്ചിട്ടുണ്ട്. പഠനപ്രവർത്തനങ്ങളും, പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഏറെ സഹായകമായിട്ടുണ്ട്. ഇംഗ്ലീഷ് പഠനം, കണക്ക്, ഭാഷാപഠനം, പരിസരപഠനം എന്നിവയ്ക്ക് ശ്രദ്ധ ചെലുത്തി കൊണ്ട് സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഓരോ വിഷയത്തിനും പ്രത്യേകം ക്ലബ്ബ് പ്രവർത്തനം നടത്തി വരുന്നു. തന്മൂലം നിരവധി ക്ലബ്ബ് പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് നേതൃത്വപാടവം ആർജ്ജിക്കുവാൻ കഴിയുന്നുണ്ട്. ഐ.ടി പഠനത്തിലൂടെ കുട്ടികൾ ഓരോ വിഷയത്തിലും ഗാഢമായ അറിവ് ശേഖരണത്തിന് സാധ്യമാകുന്നു. ഭാഷാ പഠനം മുതൽ ഗണിതം, പരിസരപഠനം എന്നിവയ്ക്ക പ്രത്യേക പഠന സാമഗ്രികൾ, പഠനേപകരണങ്ങൾ എന്നിവയും ഉണ്ട്. കുട്ടികളുടെ കായിക പഠനത്തിനായി നിരവധി കളി സാധനങ്ങൾ, ബോൾ, ഷട്ടിൽ ബാറ്റ്, ബാറ്റ്മിന്റൺ, ചെസ്ബോർഡ്, കേരം ബോർഡ് എന്നിവ.

# വാർഷിക കലണ്ടർ

| | |
|---|---|
| ജൂൺ | |
| 5 | ലോകപരിസ്ഥിതി ദിനം |
| 14 | ലോക രക്തദാന ദിനം |
| 19 | വായനദിനം |
| ജൂലായ് | |
| 5 | ബഷീർ ദിനം |
| 11 | ലോകസംഖ്യാദിനം |
| 21 | ചാന്ദ്ര ദിനം |
| 28 | ലോക പ്രകൃതി സംരക്ഷണ ദിനം |
| ആഗസ്റ്റ് | |
| 4 | സുഹൃദ് ദിനം |
| 6 | ഹിരോഷിമ ദിനം |
| 9 | നാഗസാക്കി ദിനം |
| 15 | സ്വാതന്ത്ര്യദിനം |
| 20 | കൊതുകുദിനം |
| 22 | നാട്ടറിവു ദിനം |
| 29 | കായികദിനം |
| സെപ്തംബർ | |
| 5 | കർഷകദിനം |
| | അധ്യാപക ദിനം |
| 8 | സാക്ഷരത ദിനം |
| 12 | റബ്ബർദിനം |
| ഒക്ടോബർ | |
| 2 | ഗാന്ധി ജയന്തി |
| 15 | അന്ധദിനം |
| 16 | ഭക്ഷ്യദിനം |

| വാർഷിക കലണ്ടർ | |
|---|---|
| നവംബർ | |
| 1 | കേരളപ്പിറവി |
| 10 | ശാസ്ത്ര ദിനം |
| 11 | വിദ്യാഭ്യാസ ദിനം |
| 19 | മാതൃ ദിനം |
| ഡിസംബർ | |
| 1 | എയ്ഡ്സ് ദിനം |
| 14 | ഊർജ്ജസംരക്ഷണ ദിനം |
| 25 | ക്രിസ്തുമസ്സ് |
| ജനുവരി | |
| 10 | ഹിന്ദി ദിനം |
| 26 | റിപ്പബ്ലിക്ക് ദിനം |
| 30 | രക്തസാക്ഷി ദിനം |
| ഫെബ്രുവരി | |
| 2 | തണ്ണീർത്തട ദിനം |
| 21 | മാതൃഭാഷാദിനം |
| 28 | ശാസ്ത്രദിനം |
| മാർച്ച് | |
| 8 | വനിതാ ദിനം |
| 10 | വൃക്കദിനം |
| 22 | ജലദിനം |

ഉപമേഖല:

## ജൈവ വൈവിധ്യ ഉദ്യാനം

### ലക്ഷ്യം

വിദ്യാലയം തന്നെ ഒരു പാഠപുസ്തകം എന്ന ലക്ഷ്യത്തിലൂന്നി സ്ക്കൂൾ പരിസരം ഹരിത ഭംഗിയുള്ളതാക്കി തീർക്കുകയും എന്നതിലൂടെ പഠനം രസകരമാക്കുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

- വിദ്യാലയമുറ്റത്തെ ജൈവ പാർക്ക് വിവിധതരം സസ്യലതാദികൾ കൊണ്ട് സമ്പന്നമാക്കുക.
- നക്ഷത്രവനം പദ്ധതി
- പച്ചക്കറി കൃഷി
- ഫലവൃക്ഷത്തൈ നടൽ
- ഉച്ചഭക്ഷണം സംപുഷ്ടമാക്കൽ
- നെൽകൃഷി
- വിവിധ ആവാസ വ്യവസ്ഥകൾ ഒരുക്കൽ
- വിഷമയമല്ലാത്ത പച്ചക്കറി ഉൽപാദിപ്പിക്കൽ
- ജൈവ വളം നിർമ്മിക്കൽ
- പ്ലാസ്റ്റിക് രഹിത വിദ്യാലയം
- പ്രാദേശിക വ്യക്തികളെ സമീപിക്കൽ
- പഠനം പരിസരത്തിലേക്കിറങ്ങി
- ഞാറ്റുവേല ഉത്സവങ്ങൾ സംഘടിപ്പിക്കൽ
- പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടത്തൽ
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- വിദ്യാലയത്തിലെ പച്ചക്കറികൾ സമൂഹത്തിലേക്കും
- വിദ്യാലയ മുറ്റത്ത് വിവിധ ചെടികൾ വച്ച് സുന്ദരമാക്കൽ
- പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിംഗ് ഗാർഡൻ
- ഔഷധത്തോട്ടം ഒരുക്കൽ

- വിവിധ ക്ലബ് പ്രവർത്ത...
- ക്ലാസ് ലൈബ്രറി
- പുസ്തക ഒപ്പ്
- പാലിയേറ്റീവ് കെയർ
- ധന സമാഹരണം
- നെൽകൃഷി

വിദ്യാലയ മുറ്റത്തെ ജൈവ പാർക്ക് സമ്പന്നമാക്കുന്നതിന് വേണ്ടി വിവിധ ചെടികൾ വെച്ച് പിടിപ്പിക്കും. കുട്ടികൾക്ക് ഇത് വഴി പരിസ്ഥിതിയുമായി കൂടുതൽ ഇണങ്ങി ചേരാനും പരിസരപഠനത്തെ ബന്ധിപ്പിക്കാനും കഴിയുന്നു. കേട്ടറിയുന്നതിനേക്കാൾ കണ്ടറിവിന് ഇവിടെ പ്രാധാന്യം ലഭിക്കുന്നത് കൊണ്ട് പഠനം കൂടുതൽ എളുപ്പമാക്കാൻ കഴിയുന്നു. സസ്യങ്ങളുടെ തരം തിരിച്ചുള്ള വളർച്ചയാണ് ഇവിടെ കാണാൻ കഴിയുന്നത്. മരങ്ങൾ, കുറ്റിചെടികൾ, ഇഴവള്ളികൾ ഇങ്ങനെ പോകുന്നു. കളിച്ചും രസിച്ചും ചെടികളെ കണ്ടും തൊട്ടും അറിയാൻ ഇതിലൂടെ സാധിക്കുന്നു. ഇതിലെ പച്ചക്കറികൾ ഉച്ചഭക്ഷണം പോക്ഷക സമ്പന്നമാക്കാനും ഉപയോഗിക്കും. വിഷമയമില്ലാത്ത പച്ചക്കറികൾ ഇതിലൂടെ ഉച്ചഭക്ഷണത്തിന് ഉപയോഗിക്കാനാകുന്നു.

നക്ഷത്രവനം വിദ്യാലയത്തിൽ വച്ച് പിടിപ്പിക്കുകയും ഇതിലൂടെ വിവിധ മരങ്ങളെ പറ്റിയുള്ള അറിവ് കുട്ടികൾക്ക് ഉണ്ടാക്കിയെടുക്കാനും സാധിക്കും. പരിസ്ഥിതിയിൽ ഇത്രമാത്രം ചെടികൾ ഉണ്ടെന്ന ബോധം വിദ്യാർത്ഥികളിൽ ഉണ്ടാക്കിയെടുക്കാനും വിദ്യാലയം ഒരു പ്രകൃതിയ്ക്കിണങ്ങുന്ന നല്ല ഒരു ആവാസവ്യവസ്ഥയാക്കി മാറ്റിയെടുക്കാനും ഇതിലൂടെ സാധിക്കും. പഠനം ഇതിലൂടെ എളുപ്പമാകുന്നു.

വിവിധതരം പച്ചക്കറികൾ വച്ച് വിദ്യാലമുറ്റവും പരിസരവും ഹരിതഭംഗിയുള്ളതാക്കി തീർകുകയും നാം കഴിക്കുന്ന ഭക്ഷണം നമുക്കും വച്ച് പിടിപ്പിക്കാം എന്ന ബോധം കുട്ടികളിലും വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ്. ഇവിടെ നിറവേറ്റപ്പെടുന്നത്

മരങ്ങളെ കൂടാതെ ഫലവൃക്ഷതൈകളും നടുന്നു. വീടിന്റെ പ്രതീതി കുട്ടികൾക്ക് വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന അവസ്ഥ സൃഷ്ടിക്കും.

നെൽക്കൃഷി വിദ്യാലയ മുറ്റത്തും എന്ന ആശയം വർഷങ്ങളായി സാക്ഷാൽക്കരിക്കപ്പെടുന്ന ഞങ്ങളുടെ വിദ്യാലയത്തിൽ തുടർന്നും ഇത് തുടരും. വയലുകളിൽ മാത്രം നടന്നിരുന്ന നെൽകൃഷി വിദ്യാലയ മുറ്റത്തും കുട്ടികൾക്ക് കണ്ടറിയാൻ ഇതിലൂടെ കഴിയുന്നു. കൃഷിഭവന്റെ സഹായത്തോടെ എല്ലാവർഷവും കര നെൽകൃഷി ചെയ്യാനും തീരുമാനിച്ചു. ഇതിൽ നിന്നും കിട്ടുന്ന മൂലധനം വിദ്യാലയത്തിന്റെ സാമ്പത്തിക പുരോഗതിക്കായി വിനയോഗിക്കും.

ജൈവ പാർക്കിനകത്ത് സ്ഥാപിച്ചിട്ടുള്ള കുളത്തിൽ ചെറുജലസസ്യങ്ങളും ജലജീവികളേയും ഒരുക്കും. ചിത്രശലഭങ്ങളേയും മറ്റും ആകർഷിക്കത്തക്ക വിധത്തിലുള്ള സസ്യങ്ങളേയും നട്ടുപിടിപ്പിക്കും.

വിദ്യാലയത്തിൽ വിളയിക്കുന്ന പച്ചക്കറികൾ വിഷമയമില്ലാത്തതാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ വളം വിദ്യാലത്തിൽ തന്നെ നിർമ്മിക്കാൻ തീരുമാനിച്ചു. ഇത നായി പ്രത്യേകം കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ വേണ്ട രീതിയിലുള പ്രവർത്തനത്തിലൂടെ ജൈവവളം നിർമ്മിക്കുകയും പച്ചക്കറികൾക്ക് ഇത് ഉപയോ ക്കുകയും ചെയ്യും.

പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം സാക്ഷാൽക്കരിക്കുക എന്ന ലക്ഷ്യത്തോ ഇതിന്റെ ഉപയോഗം പരമാവധി കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ നടത്തും. വാട്ട ബോട്ടിൽ സ്റ്റീൽ കൊണ്ടുള്ളവ, പേപ്പർ ക്യാരി ബാഗ് നിർമ്മാണം എന്നിവ നടത്ത കയും കാലാന്തരത്തിൽ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുകയും ചെയ്യു

വിത്തും പച്ചക്കറി തൈകളും പ്രാദേശിക വ്യക്തികളെ സമീപിച്ച് അവരിൽ നിന്ന കണ്ടെത്തുകയും വിദ്യാലയ അങ്കണം പരിതഭംഗിയുള്ളതാക്കി തീർക്കുകയും ചെയ്യു

പരിസരപഠന ക്ലാസ്സുകൾ വിദ്യാലയമുറ്റത്തേക്കിറങ്ങി പഠിയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കും കണ്ട് അറിയുന്നതിലൂടെ പഠനം കൂടതൽ രസകരമാക്കാൻ കഴിയു അതിനുതകുന്ന തരത്തിൽ വിദ്യാലയ മുറ്റം മാറ്റി തീർക്കും

ഞാറ്റുവേല ഉത്സവങ്ങൾ വിദ്യാലയത്തിൽ എല്ലാ വർഷവും ഒരുക്കും ദിനാച ണങ്ങൾ പ്രാദേശിക വ്യക്തികളെയും പ്രാദേശിക സ്ഥലങ്ങളെയും കേന്ദ്രീകരിച്ച് നടപ്പി ലാക്കും.

വിദ്യാലയത്തിൽ വിളയിക്കുന്ന പച്ചക്കറികൾ സഹായ ആവശ്യങ്ങൾക്കും നൽകും അതിലൂടെ വിദ്യാർത്ഥികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധത വളർത്തിയെടുക്കും.

വിദ്യാലയ മുറ്റം മനോഹരമായ പൂന്തോട്ടമാക്കി മാറ്റിയെടുക്കും പാഴ്‌വസ്തുക്കൾ കൊണ്ട് ഹാങ്ങിങ്ങ് ഗാർഡനും ചെടിച്ചട്ടികളിൽ ചെടികളും നട്ട് പിടിപ്പിച്ച് ഉദ്യാനം മനോഹരമാക്കി തീർക്കും.

ഔഷധിയുടെ സഹായത്തോടെ വിവിധ തരം ഔഷധ സസ്യങ്ങൾ വിദ്യാലയ ത്തിൽ വച്ചു പിടിപ്പിക്കുകയും ഔഷധ സസ്യതോട്ടം നിർമ്മിക്കുകയും ചെയ്യും.

വിദ്യാലയത്തിൽ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളിലൂടെ ജൈവ വൈവിധ്യ ഉദ്യാനം എന്ന വാക്ക് അർത്ഥവത്താക്കാൻ ഞങ്ങൾക്ക് സാധിക്കുമെന്ന് വരും വർഷ ങ്ങൾ തെളിയിക്കും

**കാലം** - **വർഷം മുഴുവൻ**

**ചുമതല** - **പി.ടി.എ., അധ്യാപകർ**

**സാമ്പത്തികം** - **2000/-**

വായനാവാരം പോലുള്ള ദിനാചരണങ്ങൾ വിപുലമായി ആഘോഷിക്കുകയും വായനയുടെ പ്രാധാന്യം ഇളം മനസിൽ തന്നെ ഊട്ടി ഉറപ്പിക്കാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തും വായന മത്സരങ്ങൾ സംഘടിപ്പിക്കുകയും വായന ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യുന്നു. ക്ലാസ് റൂം ലൈബ്രറി സജ്ജീകരിച്ച് വിശ്രമ സമയങ്ങൾ വായനയ്ക്കായി മാറ്റി വെക്കാനുള്ള സൗകര്യം ഒരുക്കും.

വായനയ്ക്ക് പ്രാധാന്യം നൽകിയുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളെ ഭാഷയിൽ പ്രാപ്തരാക്കാൻ സാധിക്കുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. നിരന്തരമായ ഇത്തരം വായനയിലൂടെ വിദ്യാർത്ഥികളെ അക്ഷരങ്ങളുടെ ലോകത്തേക്ക് കൈപിടിച്ചുയർത്താൻ ഞങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാലം** - **വർഷം മുഴുവൻ**

**ചുമതല** - **അധ്യാപകർ,**

**വിദ്യാർത്ഥികൾ,**

**പി.ടി.എ.**

# മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിതക്രിയകൾ അനായാസം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് | ജൂൺ | അധ്യാപകർ | |
| | ഗണിത കേളികൾ ചിത്രങ്ങൾ | വർഷം മുഴുവൻ പാഠഭാഗത്തിനു യോജ്യം | അധ്യാപകർ | |
| | പസിലുകൾ | മാസത്തിൽ | പി.ടി.എ അധ്യാപകർ | 500/- |
| | ഗണിത രൂപങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട് | അധ്യാപകർ | |
| | സംഖ്യകൾ | പ്രതിദിനം | | |
| | ഗണിത നാടകങ്ങൾ | നവംബർ- മാർച്ച് | അധ്യാപകർ | 200/- |
| | ഗണിത ക്ലബ്ബ് | ഒക്ടോബർ | അധ്യാപകർ | |
| | ഗണിതോത്സവം | ജനുവരി | അധ്യാപകർ | |

## ഉപമേഖല - ഗണിതം രസകരം

പഠന നില മെച്ചപ്പെടുത്തുന്നുതിനായി പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.

ഗണിതകേളികൾ നടത്തി പഠനത്തിന് കൂടുതൽ താൽപര്യം ഉണർത്തും. പാമ്പും കോണീം, കുസൃതിക്കണക്കുകൾ, കാർഡുകൾ തുടങ്ങി പഠനം രസകരമാകത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും കളികളിലൂടെ ആയതിനാൽ ശ്രദ്ധിക്കപ്പെടും.

ഗണിത ചിത്രങ്ങൾ വരച്ച് ക്ലാസ്മുറികൾ അലങ്കരിക്കും

ഗണിത രൂപങ്ങൾ വരയ്ക്കുകയും രൂപങ്ങളുടെ നിർമ്മാണം നടത്തുകയും ചെയ്യും പരിചിതമായ വസ്തുക്കൾ തിരിച്ചറിഞ്ഞ് രൂപങ്ങൾ ഉണ്ടാക്കും.

സംഖ്യാകാർഡുകളും സംഖ്യാ റിബണും നിർമ്മിക്കുന്നു. സ്ഥാനവില പോക്കറ്റ് നിർമ്മിക്കും. സംഖ്യാ നിർമ്മാണം വായന എന്നിവ നടത്തും.

ഗണിത നാടകങ്ങൾ തയ്യാറാക്കുകയും വിദ്യാർത്ഥികളെ അതിനുവേണ്ടി തയ്യാറാക്കുകയും ചെയ്യും. തുടർന്ന് വിദ്യാലയത്തിലെ പരിപാടികളിൽ അത് അവതരിപ്പിക്കുകയും ചെയ്യും.

ഗണിതോത്സവം വിദ്യാലയത്തിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളിലൂടെ സമുചിതമായി ആഘോഷിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന വിദ്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് ഇവിടെയാണ് വിരാമമിടുന്നത്. നല്ല ഒരു ഗണിതാന്തരീക്ഷം ഒരുക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന്

## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | ഇംഗ്ലീഷ് ടീച്ചർ | 500/- പി.ടി.എ |
| | പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കി ശേഖരിക്കൽ | ജൂലായ് | ഇംഗ്ലീഷ് ടീച്ചർ | ഒരു കുട്ടി 25/- |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ 2 | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | ആഴ്ചയിൽ 3 | ഇംഗ്ലീഷ് ടീച്ചർ | |
| | ഒരു ദിവസം ഒരു ഭാഷപരിപാടി | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | 5000/- പി.ടി.എ |
| | ഇംഗ്ലീഷ് പുസ്തകം, ലൈബ്രറി, പത്രം | | | |
| | ഇംഗ്ലീഷ് തിയ്യറ്റർ | നവംബർ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | 2000/- പി.ടി,എ |
| | പതിപ്പുകൾ, മാഗസിനുകൾ | ഒക്ടോബർ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | 500/- |
| | രചന ശില്പശാലകൾ | ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ | 5000/- |

# ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

പഠന നില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്യുന്നു. അതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി പരിഹരിക്കുന്നു.

ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ 2 ദിവസം നടത്തുന്നു. അതിനുള്ള പ്രവർത്തനങ്ഹൾ ആസൂത്രണം ചെയ്യുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസുകൾക്ക് മാറി മാറി അതിനുള്ള അവസരം ഒരുക്കുന്നു. വാർത്ത, പ്രസംഗം, പ്രാർത്ഥന തുടങ്ങി വിവിധങ്ങളായി പ്രവർത്തനങ്ങൾ കൊണ്ട് അസംബ്ലി നടത്തുന്നു.

ദിനം പ്രതി നടക്കുന്ന പ്രവർത്തനങ്ങൾ ഡയറക്കുറിപ്പായി എഴുതി തയ്യാറാക്കുന്നു. അസംബ്ലിയിൽ പറയുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.

ഇംഗ്ലീഷ് പുസ്തകങ്ങളുടെ ലൈബ്രറി സജ്ജീകരിക്കുന്നു. കുട്ടികൾക്ക് വിദ്യാലയത്തിൽ തന്നെ ഒരുക്കുന്നു. ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യം മനസിലാക്കികൊണ്ട് വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ ഇതിലൂടെ കഴിയുന്നു.

പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പ്രവർത്തനങ്ങൾ പഠിപ്പിക്കുകയും വർഷാവസാനം ഇതിന്റെ പ്രദർശനവും നടത്തും.

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് രചനാമത്സരങ്ങൾ നടത്തുകയും പൊതുവേദികളിൽ അവ അവതരിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു.

# സ്മാർട്ട് ക്ലാസ്സ് റൂം

**ലക്ഷ്യം**

കുട്ടികൾക്ക് ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കൊണ്ട് പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- ക്ലാസ്സ് റൂമിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ.
- എല്ലാ ക്ലാസ്സ് റൂമുകളും അടച്ചുറപ്പ് വരുത്തുക, ടൈൽ ഇടുക.
- എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുത്താവും വിധത്തിൽ കമ്പ്യൂട്ടർ ചിട്ടപ്പെടുത്തുക.
- ഇരിപ്പിടം നവീകരണം.
- ലാപ്പ്ടോപ്പ്, എൽ.സി.ഡി പ്രൊജക്ടർ എന്നിവ പ്രയോജനപെടുത്തുക.
- ആകർഷകമായ ചുമർ പെയിന്റിങ്ങ്
- പൊടിരഹിത ക്ലാസ്റൂം
- ഭാവിയിൽ ഓരോ കുട്ടിക്കും ലാപ്പ് ടോപ്പ് ക്ലാസ്മുറിയിൽ ഉപയോഗിക്കാൻ സാധിക്കും വിധം സജ്ജമാക്കുക.
- കുട്ടികളുടെ പഠനോപകരണങ്ങൾ ഉല്പന്നങ്ങൾ, ബുള്ളറ്റിൻ ബോർഡ് എന്നിവ പ്രദർശിപ്പിക്കുവാൻ പ്രത്യേകം പ്രത്യേകം സജ്ജമാക്കുക.
- ഭിന്നശേഷിക്കാർക്ക് പ്രത്യേകം പഠന ഉപകരണങ്ങൾ ഒരുക്കുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട സാന്റ് ട്രൈ ഒരുക്കുക.
- ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങളുടെ ബോർഡ് ഒരുക്കുക
- കുട്ടികളുടെ ഫോട്ടോ പതിച്ച് പഠനനേട്ടങ്ങളുടെ ചാർട്ട്
- വൈറ്റ് ബോർഡ്
- നിർവ്വഹണം

സ്മാർട്ട് ക്ലാസ്സ് റൂം ആകുന്നതിന്റെ ഭാഗമായി ക്ലാസ്സ് റൂം ടൈൽ ഇട്ട്, വിവിധ നിറങ്ങൾ ഉപയോഗിച്ച് ചുമർ ചിത്രങ്ങൾ വരയ്ക്കും. എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ ഒരുക്കും.

പഠന നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിന് ഫോട്ടോ പതിച്ച ചാർട്ട് സജ്ജമാക്കും.

ചാർട്ട്, സാന്റ് ട്രൈ, ബുള്ളറ്റിൻ ബോർഡ്, പഠനോപകരണങ്ങൾ എന്നിവ ഒരുക്കുന്നതിന് പ്രത്യേകം ഇടം ഒരുക്കും. കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർ, ലാപ്ടോപ്പ്, എന്നിവ പ്രയോജനപ്പെടുത്തികൊണ്ട് പാഠഭാഗങ്ങൾ വളരെ രസകരവും ആസ്വാകരവുമാക്കുന്നു. ഓരോ കുട്ടിയുടെയും ഉല്പന്നങ്ങൾ ചിട്ടയോടെ സജ്ജമാക്കുന്നതിന് പ്രത്യേകം ഫയലുകൾ തയ്യാറാക്കുന്നു. ഓരോ ക്ലാസിനു പുറത്തും വിവിധ ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായി പേപ്പർ കട്ടിംഗ്സു കൾ, ചിത്രങ്ങൾ എന്നിവ അലങ്കരിക്കുന്നതിന് പ്രത്യേകം ബോർഡുകൾ ഒരുക്കും. മുട ക്കമില്ലാത്ത വൈദ്യുതി ലഭ്യതക്കായി സോളാർ ജനറേറ്റർ ഫിറ്റ് ചെയ്യും. ഭിന്നശേഷി ക്കാരായ കുട്ടികൾക്കായി ചിത്രങ്ങൾ, കട്ടൗട്ടുകൾ, ഉപകരണങ്ങൾ, കാർഡുകൾ എന്നിവ പ്രയോജനപ്പെടുത്തും. ക്ലാസ് റൂം സീലിങ്ങ് ചെയ്ത് പൊടിരഹിത ക്ലാസ്റൂം ഒരുക്കും. പ്രാവും മറ്റും അകത്തു കയറാതിരിക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ ചെയ്യും.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ ഐ.ടി നൈപുണിയുള്ളവരാക്കി മാറ്റി അവരുടെ സ്വയം പഠനശേഷി വികസിപ്പിക്കുവാൻ സാധിക്കും.

## ലക്ഷ്യങ്ങൾ

കുട്ടികൾക്കു നേടാനുള്ള ശേഷികൾ രസകരവും ആനന്ദകരവുമായ രീതിയിൽ കുട്ടികളിലേക്ക് എത്തിക്കുന്ന എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. കുട്ടികളുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസവം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ ലക്ഷ്യത്തിന്റെ പ്രധാന ഉദ്ദേശ്യം. ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും, നൈപുണികളും, ഓരോ കുട്ടിയുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടോയെന്ന് കണ്ടെത്തുക എന്നതും നമ്മുടെ പ്രധാനലക്ഷ്യമാണ്. പൂർണ്ണമായും ശിശുകേന്ദ്രീകൃത സമീപനത്തിലൂടെ കുട്ടികൾക്ക് പ്രാധാന്യം നൽകികൊണ്ട് നേതൃത്വപാടവം ആർജ്ജിക്കും വിധത്തിലാക്കുക എന്നതും പ്രധാന ലക്ഷ്യമാണ്.

ഓരോ വിഷയത്തിലും ആഴത്തിലുള്ള ആശയം, ധാരണ എന്നിവയും കുട്ടികളിലെത്തിക്കണം. ഇംഗ്ലീഷ്, മലയാളം, ഭാഷ ശരിയായി എഴുതുന്നതിനു, ആശയവിനിമയം ചെയ്യുന്നതിനും വിവിധ വ്യവഹാര രൂപങ്ങൾ അതായത് കവിതപൂരണം കഥ, സംഭാഷണം, പസിലുകൾ, കടങ്കഥകൾ etc. എന്നീ കഴിവുകൾ ഓരോ ക്ലാസ്സിലും

നേടേണ്ടത് നേടിയെടുത്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയെന്നതും പ്രധാന ലക്ഷ്യത്തിൽപെടും.

പരിപഠനത്തിനായി കുട്ടികളെ ചുറ്റുപാടിലേക്ക് ഇറങ്ങി ചെന്ന് ചുറ്റുപാടുകളെ നേരിട്ട് കണ്ട് മനസിലാക്കി പഠിക്കുന്നതിന് അവസരം ഒരുക്കുകയെന്നത് അത്യാവശ്യം തന്നെ. പഠനയാത്രകൾ, ഫീൽഡ്ട്രിപ്പ്, വിവിധ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനത്തിലൂടെ പഠനം ആനന്ദകരവും, പൂർണ്ണവുമാക്കി തീർക്കാൻ സാധിക്കണം. നിരവധി പഠനോപകരണങ്ങളിലൂടെ പരീക്ഷണ നീരിക്ഷണങ്ങൾക്ക് അവസരമൊരുക്കി കൊണ്ട് കുട്ടികൾക്ക് തന്നെ നീരിക്ഷിച്ച് കണ്ടെത്തുവാൻ ഉതകുവിധത്തിൽ ക്ലാസ്സ് റൂം സജ്ജമാക്കുക എന്നത് പ്രധാന ലക്ഷ്യമാണ്. ചുറ്റുപാടുകളിൽ നിന്നും വസ്തുക്കൾ ശേഖരിക്കുന്നതിനും അവ തരം തിരിച്ച് നിഗമനത്തിലെത്തുന്നതിനും കുട്ടികൾക്ക് അവസരം നൽകുക എന്നതും ഉറപ്പുവരുത്തണം. അതായത് പൂക്കൾ, വേരുകൾ, ഇലകൾ, മണ്ണ് etc. എന്നിവ ശേഖരിക്കുന്നതിലൂടെ അതേക്കുറിച്ചുള്ള ഗാഢമായ ധാരണയിലേക്ക് കുട്ടികൾക്ക് എത്തിച്ചേരാൻ സാധിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം. കൂടാതെ ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് കൂടുതൽ മെച്ചപ്പെട്ട പഠനംസാധ്യമാക്കുകയെന്നത് നമ്മുടെ പ്രധാന ലക്ഷ്യത്തിൽ ഒന്നാണ്.

കലാ-കായിക പ്രവൃത്തി പരിചയമേളകളിലും കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിക്കുന്നതിന് അവസരം ഒരുക്കുയെന്നതും നമ്മുടെ ലക്ഷ്യമാണ് കാർഷിക മേഖലകളെ ക്കുറിച്ചും, ജൈവകമ്പോസ്റ്റ് എന്നിങ്ങനെയുള്ളവയെക്കുറിച്ചും കുട്ടികൾക്ക് അവബോധം ഉണ്ടാക്കിയെടുക്കുക എന്നതും നമ്മുടെ ലക്ഷ്യമാണ്.

പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക രക്ഷാകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുകയെന്നതും നമ്മുടെ ലക്ഷ്യമാണ്. ഫണ്ട് സമാഹരണത്തിനും കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇത്തരം സംഘടനകളുടെ സഹായം ഉറപ്പുവരുത്തുകയെന്നതും നമ്മുടെ ലക്ഷ്യത്തിൽ പ്രധാനം തന്നെ. അതായത് പരിസ്ഥിതികം വായനദിനം, ചാന്ദ്രദിനം, തണ്ണീർ തടദിനം, ആഗസ്റ്റ് -15, ഗാന്ധി ജയന്തി, ഓണം, ക്രിസ്തുമസ്സ്, വാർഷികാഘോഷം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയെന്നതും നമ്മുടെ ലക്ഷ്യം തന്നെ. കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ കളിസ്ഥലം സജ്ജമാക്കുകയെന്നതും, അതിനുവേണ്ട കായിക ഉപകരണങ്ങൾ,

ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, ഷട്ടിൽ , ചെസ്ബോർഡ് എന്നിവ കുട്ടികൾക്ക് ഒരുക്കി കൊടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി യോഗപരിശീലനം നടത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും നമ്മുടെ ലക്ഷ്യമാണ് കുട്ടികളുടെ കലാ-പ്രവൃത്തിപരിചയ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് പ്രത്യേകം ഇടം സജ്ജമാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയെന്നതും ലക്ഷ്യത്തിൽ പ്രധാനം തന്നെ.

വിദ്യാലയം തന്നെ ഒരു പാഠപുസ്തകം എന്ന കാഴ്പ്പാടിൽ കുട്ടികൾക്കുവേണ്ട പഠനോപകരണങ്ങളും വൈവിധ്യമാർന്ന പ്രവർത്തനങ്ങളും, ജൈവ വൈവിധ്യമാർന്ന അന്തരീക്ഷവും ഒരുക്കകയെന്നതും നമ്മുടെ ലക്ഷ്യം തന്നെ.

# മേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പ്രവൃത്തി പരിചയത്തിൽ താൽപര്യം ഉണർത്തുക, പരിപോഷിപ്പിക്കുക. | ഓരോ കുട്ടികളിലേയും താത്പര്യം കണ്ടെത്തുന്നു. | ജൂലായ് ആദ്യവാരം | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി, പി.ടി,എ | 500/- പി.ടി.എ |
| | കഴിവുകൾ ഓരോന്നും പരിപോഷിപ്പിക്കുന്ന പ്രവർത്തനം തയ്യാറാക്കൽ | ആഗസ്റ്റ് ആദ്യവാരം | ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി, പി.ടി,എ | 100 രൂപ വീതം |
| | ഓരോന്നിനും താത്പര്യമുള്ളവരെ തരം തിരിക്കുന്നു. പരിശീലിപ്പിക്കുന്നു. | സെപ്തംബർ ആദ്യവാരം | ക്ലാസ്സ് ടീച്ചർ, പി.ടി,എ | 150 രൂപ വീതം |
| | പ്രവൃത്തി പരിചയ വർക്ക്ഷോപ്പ് സംഘടിപ്പിക്കുക | സെപ്തംബർ 15 ന് ശേഷം | പ്രഥമാധ്യാപകർ, ക്ലാസ്സ് ടീച്ചർ എസ്.ആർ.ജി | 2000/- |
| | പ്രദർശനം - ശില്പശാലകൾ | ഒക്ടോബർ നവംബർ | പ്രഥമാധ്യാപകൻ /അധ്യാപക ടീം, എസ്.ആർ.ജി. | 500/- |

## മികവ് നേട്ടങ്ങൾ

പ്രവൃത്തി പരിചയ പരിശീലനത്തിലൂടെ സൂക്ഷ്മപേശി ചലനങ്ങളെ മെച്ചപ്പെടു ത്തുകയും അതിലൂടെ കുട്ടികളിലെ സർഗ്ഗാത്മകചിന്തകളെ ഉണർത്തുന്നതിനും സാധി ക്കുന്നു. സർഗ്ഗാത്മക പ്രകടിപ്പിക്കുന്നതിന് കഴിയുന്നു. ശില്പശാലികളിലീടെ നേതൃത പാടവം ആർജ്ജിക്കുന്നതിന് സാധിക്കുന്നു.

## കാഴ്ചപ്പാട്

കുട്ടികളിലെ വ്യക്തിബോധം, നേതൃത്വഗുണം, സമയനിഷ്ഠ, കൃത്യത, സൂക്ഷ് ത എന്നിവ നേടാം.

## നിലവിലെ അവസ്ഥ

നിരവധി പ്രവൃത്തി പരിചയ പരിശീലനങ്ങൾ സ്കൂളിൽ നടത്തി വരുന്നു, പി.ടി. എ., ജനകീയ പങ്കാളിത്തം എന്നിവയിലൂടെ ഓരോ കുട്ടിയുടെയും കഴിവിനനുലരിച്ചുള്ള പരിശീലനം നൽകി വരുന്നു.

## ഇനങ്ങൾ

- ☐ കുട നിർമ്മാണം
- ☐ ബുക്ക് ബൈന്റിങ്ങ്
- ☐ കളിമൺ നിർമ്മാണം
- ☐ അലങ്കാര പൂക്കൾ
- ☐ പപ്പറ്റ് മെയ്ക്കിങ്ങ്
- ☐ ഷീറ്റ്/മെറ്റൽ വർക്ക്
- ☐ മെറ്റൽ ഗ്ലോവിങ്ങ് വർക്ക്
- ☐ ചിരട്ടകൊണ്ടുള്ള ഉപകരണങ്ങൾ, അലങ്കാര വസ്തുക്കൾ
- ☐ ഫേബ്രിക് പെയിന്റിംങ്ങ്
- ☐ വയറിംങ്ങ്
- ☐ ഈറ, മുള ഉല്പന്നങ്ങൾ
- ☐ മരപ്പണി
- ☐ കൊത്തുപണി

എന്നിങ്ങനെയുള്ള ഇനങ്ങളിൽ പ്രാവീണ്യം നേടിയവരെ കണ്ടെത്തി കുട്ടികൾക്ക് പരിശീലനം നൽകുന്നു. 2017 – 17 അധ്യയന വർഷത്തിൽ 10 ഇനത്തിൽ പങ്കെടുക്കുകയും 6 ഇനത്തിൽ നല്ല നിലവാരത്തിലുള്ള ഗ്രേഡ് ലഭിക്കുകയും ചെയ്തു.

## മികവിനായുള്ള മാറ്റം

പവൃത്തി പരിചയത്തിലെ പ്രത്യേകം പ്രത്യേകം അധ്യാപകർക്ക് പരിശീലനം നടി കുട്ടികൾക്ക് പരീശിലനം പി.ടി.എ. യുടെ സഹായത്തോടെ സാമ്പത്തിക സഹായവും പരിശീലനത്തിനായി മാർഗ്ഗ നിർദ്ദേശവും നൽകാം. പ്രവൃത്തി പരിചയ ശില്പശാലകൾ സംഘടിപ്പിക്കുന്നതിലൂടെ നേതൃത്വപാടവം, സമയനിഷ്ഠ, കൃത്യത, സൂക്ഷ്മത എന്നിവ നേടിയെടുക്കും വിധം സമയം കണ്ടെത്താം.

## പ്രതീക്ഷിത നേട്ടങ്ങൾ

പരിശീലനം നേടിയ അധ്യാപകരുടെ സാന്നിധ്യത്തിൽ പരിശീലനം നടത്തുന്നതിലൂടെ കുട്ടികൾക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവൃത്തി പരിചയം നേടിയെടുക്കാൻ സാധിച്ചു. കുട്ടികൾക്ക് നേതൃത്വപാടവം സൂക്ഷ്മത, കൃത്യത, സൂക്ഷ്മ പേശീചലനം എന്നിവ നേടിയെടുക്കാൻ സാധിച്ചു. പി.ടി.എ ജനകീയ പങ്കാളിത്തം എന്നിവയിലൂടെ ഫണ്ട് സമാഹരണത്തിനും കൂടുതൽ പരിശീലകരെയും കണ്ടെത്തുവാൻ കഴിഞ്ഞു. തൻമൂലം കൂടുതൽ മെച്ചപ്പെട്ട പരിശീലനം നേടുവാൻ കുട്ടികൾക്ക് കഴിഞ്ഞു ഉപജില്ലാ മത്സരങ്ങൾക്ക് നിരവധി സമ്മാനങ്ങളും നേടിയെടുക്കുവാൻ കഴിഞ്ഞു. കുട്ടികൾക്ക് പ്രോത്സാഹനവും നേടിയെടുത്തു. സർഗ്ഗാത്മക നേടിയതിലൂടെ കുട്ടികളിലെ സർഗ്ഗവാസന ഉണർത്തുവാൻ കഴിഞ്ഞു. സ്കൂളിന്റെ മൊത്തത്തിലുള്ല വികസനത്തിനും പ്രശസ്തിക്കും പ്രവൃത്തി പരിചയത്തിലൂടെ നേടിയെടുക്കാൻ കഴിഞ്ഞു

## മോണിറ്ററിങ്ങ്

മോണിറ്ററിങ്ങിനായി പി.ടി.എ., ഒ.എസ്.എ. എസ്.ആർ.ജി. അധ്യാപകർ എന്നിവരുടെ സഹായത്തോടെ

## ഉപസംഹാരം

വിദ്യാലയങ്ങളിൽ പ്രവൃത്തി പരിചയ പരിശീലനം നടത്തുന്നതിലൂടെ കുട്ടികളിൽ നിരവധി കഴിവുകൾ നേടിയെടുക്കാൻ കഴിഞ്ഞു. ജനകീയ പങ്കാളിത്തം സ്കൂളിൽ വർദ്ധിക്കുന്നതിനും സാധിച്ചു. വിദ്യാലയത്തിന്റെ ഉന്നതിയിലേക്ക് എത്തിക്കുവാൻ സാധിച്ചു. ഉപജില്ലാ മത്സരങ്ങളിലും മറ്റും ഉയർന്ന നിലവാരത്തിലുള്ള ഗ്രേഡ് നേടിയെടുത്തതിലൂടെ സ്കൂളിന്റെ പ്രശസ്തി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

**മേഖല അക്കാദമികം** **ഉപമേഖല : ശാസ്ത്രപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും, എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 1 മുതൽ 4 വരെ പഠനത്തിന് സഹായകരമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ എസ്.ആർ.ജി., പി.ടി.എ. | 50/- |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ , നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ, ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ. ഉറപ്പായും ചെയ്യേണ്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തൽ. | ജൂൺ 15 ന് ശേഷം | ക്ലാസ്സ് അധ്യാപകർ പി.ടി.എ., എസ്.ആർ.ജി. | 3000/- |
| | **സാമഗ്രികൾ വാങ്ങൽ** | | പി.ടി.എ., അധ്യാപകർ, | 2000/- |
| | പി. ടി. എ. യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം | ആഗസ്റ്റ് ആദ്യവാരം | പി.ടി.എ., അധ്യാപകർ, ഒ.എസ്.എ. | 1000/- |
| | പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല, സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി പി.ടി.എ., അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | സെപ്തംബർ ആദ്യവാരം | എസ്.ആർ.ജി., പി.ടി.എ., അധ്യാപകർ | 7000/- |
| | ശാസ്ത്രമൂലക്ക് ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണം | ഒക്ടോബർ ആദ്യവാരം | എസ്.ആർ.ജി. പി.ടി.എ. അധ്യാപകർ | 3000/- |
| | സ്കൂൾ ലാബ് സജ്ജമാക്കൽ ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ ക്ലാസ് തിരിച്ച് തരംതിരിക്കുക. | ഒക്ടോബർ 15 ന് ശേഷം | എസ്.ആർ.ജി. പി. ടി.എ. | 2000/- |
| | പരീക്ഷണ ശില്പശാല | നവംബർ | ഒ.എസ്.എ. അധ്യാപകർ | 2000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വർദ്ധിപ്പിക്കൽ | പഠനനില കണ്ടെത്തി പ്രീ ടെസ്റ്റ് നടത്തി വിശകളനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഒക്ടോബർ ആദ്യവാരം | മലയാളം ടീച്ചർ എസ്.ആർ.ജി | 500/ പി.ടി.എ |
| | പരിമതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ | ഒക്ടോബർ 15ന് മുമ്പ് | പ്രഥമാധ്യാപകൻ മലയാളം ടീച്ചർ എസ്.ആർ.ജി | ഒരു കുട്ടിക്ക് 25/രൂപ |
| | അസംബ്ലി | ആഴ്ചയിൽ 4 ദിവസം | ക്ലാസ് ടീച്ചർ | - |
| | ഡയറികുറിപ്പ് | ആഴ്ചയിൽ 3 | ക്ലാസ് ടീച്ചർ | - |
| | ഒരുദിവസം ഒരുഭാഷാ പരിപാടി | പ്രതിദിനം | ക്ലാസ് ടീച്ചർ | - |
| | ഭാഷ ലൈബ്രറി വായന സാമഗ്രികൾ ലഘുവായനാ പുസ്തകങ്ങൾ പത്രം | ഒക്ടോബർ മുതൽ | പ്രഥമാധ്യാപകൻ മലയാളം ടീച്ചർ | 5000/ പി.ടി.എ |
| | പതിപ്പുകൾ മാഗസിനുകൾ | ഒക്ടോബർ - മാർച്ച് | അതാതു ക്ലാസ് ടീച്ചർ | 500/ |
| | രചന ശില്പശാലകൾ | ഫെബ്രുവരി | മലയാളം ടീച്ചർ പി.ടി.എ | 5000/ |

**ലക്ഷ്യം**

പരിസരപഠന സമീപനത്തിലൂടെ ചുറ്റുപാടുകളെക്കുറിച്ചും മറ്റും മനസ്സിലാക്കി കൊണ്ട് രസകരവും വസ്തുനിഷ്ഠമായുള്ള പഠനം നേടുവാൻ കഴിയുക. ചുറ്റുപാടുകളെ നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ കുട്ടികൾക്ക് പഠനം എളുപ്പവും രസകരവുമാക്കി തീർക്കുകയെന്നതാണ് ലക്ഷ്യം.

**മികവ് നേട്ടങ്ങൾ**

ശാസ്ത്രപഠനത്തിലൂടെ കുട്ടികൾക്ക് ചുറ്റുപാടിനെക്കുറിച്ചും നിരീക്ഷണപാടവം നേടിയെടുക്കുവാൻ കഴിഞ്ഞു. ശാസ്ത്രപഠന സാമഗ്രികൾ ശേഖരിക്കുന്നതിലൂടെ ശാസ്ത്ര ഉപകരണങ്ങളെ ക്കുറിച്ച് മനസിലാക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും സാധിക്കുന്നു. വിവിധ ചെടികൾ, പൂക്കൾ മണ്ണ് എന്നിവ തരം തിരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സാധിക്കുന്നു. പരിസരപഠനസമീപനത്തിലൂടെ പഠനം സാധ്യമാക്കുന്നു.

**കാഴ്ചപ്പാട്**

പരിസരപഠനത്തിനായി കുട്ടികളെ ചുറ്റുപാടിലേക്ക് ഇറങ്ങിചെന്ന് ചുറ്റുപാടുകളെ നേരിട്ട് കണ്ട് മനസ്സിലാക്കി പഠിക്കുന്നതിന് അവസരം ഒരുക്കുകയെന്നത് നമ്മുടെ ലക്ഷ്യം. പഠനയാത്രകൾ, ഫീൽഡ് ട്രിപ്പ്, വിവിധ പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സന്ദർശനത്തിലൂടെ പഠനം ആനന്ദകരവും പൂർണ്ണവുമാക്കി തീർക്കാൻ സാധിക്കണം. നിരവധി പഠനോപകരണങ്ങളിലൂടെ പരീക്ഷണ നിരീക്ഷണങ്ങൾക്ക് അവസരമൊരുക്കികൊണ്ട് കുട്ടികൾക്ക് തന്നെ നിരീക്ഷിച്ച് കണ്ടെത്തുവാൻ ഉതുകും വിധത്തിൽ ക്ലാസ്സ് റൂം സജ്ജമാക്കുക എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. ചുറ്റുപാടുകളെ നിരീക്ഷിച്ച് നിഗമനത്തിലെത്തുകയെന്നതും നമ്മുട ലക്ഷ്യം തന്നെ.

**ഉപമേഖല മലയാളത്തിളക്കം**

| | | | |
|---|---|---|---|
| ഒന്നുമുതൽ നാലു വരെ ക്ലാസുകളിലെ മലയാള പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും | ഒന്നുമുതൽ നാലു വരെ പഠനത്തിന് സഹായകമായ വായ നാമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ഒക്ടോബർ ആദ്യവാരം | ക്ലാസ് ടീച്ചർ ഓരോ ക്ലാസിലേയും അധ്യാപകരുടെ ടീം |

# പ്രവർത്തനങ്ങൾ

## പ്രീ ടെസ്റ്റ്

ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. ആവശ്യമായ ചോദ്യങ്ങൾ അടങ്ങിയ പേപ്പർ തയ്യാറാക്കുന്നു. മികവുകളെ കണ്ടെത്തുന്നു. പരിമിതികളെ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ചെയ്യുന്നു. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. വായനാ പുസ്കതങ്ങൾ ശേഖരിക്കുന്നു. വായനക്ക് ആവശ്യമായ പുസ്തകങ്ങൾ അധ്യാപകർ എസ്.ആർ.ജിയിൽ തീരുമാനിക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ നൽകൽ. മാഗസിനുകൾ തയ്യാറാക്കുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ ചുമർ പത്രികകൾ തയ്യാറാക്കി മികച്ചവയെ കണ്ടെത്തുന്നു.

## അസംബ്ലി

അസംബ്ലി കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി ബാന്റ് മേളത്തിലെ സൈഡ് ഡ്രം ഉപയോഗിക്കുന്നു. മാർച്ച് ചെയ്ത് കുട്ടികൾ അസംബ്ലിക്ക് എത്തുന്നു. വാർത്താ വായന ഭാഷാ കേളി എന്നിവക്ക് പ്രാധാന്യം നൽകുന്നു. പ്രതിദിനം ഓരോ ക്ലാസിലേയും കുട്ടികൾ ഡയറികുറിപ്പുകൾ വായിക്കുന്നു. ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾക്ക് അസംബ്ലി നടത്താനുള്ള അവസരം. കഥ കഥനം ലളിതഗാനം കവിത എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

## ഭാഷാ പരിപാടികൾ

പുസ്തകങ്ങൾ വായിച്ചുള്ള കുറിപ്പുകൾ ദിവസവും ക്ലാസടിസ്ഥാനത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ഭാഷാ പരിപാടികൾ, കഥ പറയൽ, കവിത പാരായണം, വർണ്ണന ,വിവരണം എന്നിവ ഒന്നുമുതൽ നാലുവരെ ക്ലാസുകാർക്ക് നടത്തുന്നു. പത്രവായന നടത്തുന്നു. ആഴ്ചയിൽ ഒരു ദിവസം പത്ര വാർത്തകളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു. ലഘു ചിത്രരചനാ മത്സരം, കഥാരചനാ മത്സരം, കവിത രചന മത്സരം എന്നിവ നടത്തുന്നു.

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പദ്ധതിയുടെ ഗുണം മനസിലാക്കികൊണ്ട് ദീർഘവീക്ഷണത്തോടെ പ്രവർത്തനങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങളിലൂടെ മലയാള ഭാഷ വായിക്കാനും എഴുതാനുമുള്ള കഴിവുകൾ കുട്ടികൾ നേടും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ഭൗതി കാന്തരീക്ഷം മെച്ചപ്പെടുത്തൽ | വിദ്യാലയാന്തരീക്ഷം സുന്ദരവും ലുരക്ഷിതത്വ വുമാക്കണം. ആരോഗ്യ ശുചിത്വമുള്ളതാവണം. ചിത്രങ്ങൾ-അക്ഷരങ്ങൾ കൊണ്ട് അലങ്കരിക്കണം. | 2018 ജനുവരി മുതൽ 2020 | പി.ടി.എ ഹെഡ്മിസ്ട്രസ് | 2,00000/ |
| പാചക പുര | പാചകപുര വിദ്യാലയത്തി നടുത്തായി നിർമ്മിക്കൽ വൃത്തിയും ആരോഗ്യവു മുള്ള ഭക്ഷണം തയ്യാറാ ക്കൽ | 2018-2020 | പി.ടി.എ, ഒ.എസ്.എ ഹെഡ്മിസ്ട്രസ് | 1,00000/ |
| ഊട്ടുപുര | കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനായി പ്രത്യേകം മുറി. പരിസരം വൃത്തി യായി സൂക്ഷിക്കൽ. ജൈവ പച്ചക്കറിത്തോട്ടം | 2018-2021 | പി.ടി.എ ഹെഡ്മിസ്ട്രസ് ക്ലബുകൾ | 1,00000/ |
| അഗ്നി സുരക്ഷ സംവിധാനം | പാചകപുര-വിദ്യാലയം എന്നി അഗ്നിസുരക്ഷ സംവിധാനം ഒരുക്കൽ | 2017-2020 | പി.ടി.എ ഹെഡ്മിസ്ട്രസ്, എം.പി.ടി.എ | 25,000/ |

വിദ്യാലയം ഒരു പാഠശാലയാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ഓടിട്ട കെട്ടിടം പഴമ നില നിർത്തുമെങ്കിലും ചോർച്ചയും, ദ്രവിക്കലും മുന്നിൽ കാണുന്നു. തൽഫലമായി കെട്ടിടം പണിത് പുതിയ കെട്ടിടമാക്കാൻ ഉദ്ദേശിക്കുന്നു. ചുമരുകളിൽ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ചിത്രങ്ങൾ വരയ്ക്കണം. ഒരു കുട്ടിയ്ക്ക് ഒരു ചട്ടി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ചട്ടി നിറയെ പച്ചക്കറികൾ വളർത്തുന്നു. തൻമൂലം ഉച്ചഭക്ഷണം ആരോഗ്യപൂർണ്ണവും പോഷക സമ്പുഷ്ടവും ആകും. ആകർഷകവുമായ രീതിയിൽ വിദ്യാലയം പെയിന്റ് ചെയ്യുന്നു.

ഇപ്പോഴത്തെ പാചകപുര വിദ്യാലയത്തിൽ നിന്നും ഏറെ അകലെയായതിനാൽ ഭക്ഷണം പാകം ചെയ്താൽ എത്തിക്കാൻ പ്രയാസപ്പെടുന്നു. ആയതിനാൽ വിദ്യാലയത്തിനോട് ചേർന്ന് പാചകപുര നിർമ്മിക്കാൻ തീരുമാനിച്ചു. തൽഫലമായി ഇപ്പോഴത്തെ പാചകപ്പുര നിൽക്കുന്ന സ്ഥലത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുയും അതിലൂടെ വിഷയമില്ലാത്ത പച്ചക്കറി കുട്ടികൾ നൽകാനും സാധിക്കും പാചകപുരയുടെ നിർമ്മാണത്തിനായി പി.ടി.എ. യുടെ സഹകരണത്തോടെ ലോക്കൽ നിന്നും ഫണ്ട് കണ്ടെത്തി 2020 ഓടെ പണിപൂർത്തിയാക്കാൻ കഴിയുന്നു.

## ഊട്ടുപുര

ഉച്ചഭക്ഷണം ക്ലാസ്സുകളിൽ വച്ച് നൽകുന്നതിലും നല്ലത് ഒരുമിച്ച് ഇരുത്തി വിളമ്പുക എന്ന ആശയത്തെ മുൻ നിർത്തി വിദ്യാലയത്തിൽ ഒരു ഊട്ടുപുരയ്ക്ക് പദ്ധതിയിട്ടു. എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കാൻ മാത്രമായി ഒരിടം. ഇതിലൂടെ കുട്ടികൾക്ക് കൂടുതൽ മാനസിക സന്തോഷം ഒരുമ എന്നിവ കൈവരുന്നു. പരസ്പരം പങ്കുവെക്കുക എന്ന ആശയവും ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. ഊട്ടുപുരയുടെ നിർമ്മാണത്തിനായി എം.എൽ.എ. യുടെ ഫണ്ട് പി.ടി.എ. യുടെ സഹകരണം പ്രതീക്ഷിക്കുന്നു.

## അഗ്നിസുരക്ഷ സംവിധാനം

വിദ്യാലയത്തിന്റെ അടുത്തായി പാചകപുക നിർമ്മിക്കുമ്പോൾ അഗ്നി സുരക്ഷയ്ക്കും മുൻതൂക്കം നൽകേണ്ടതുണ്ട്. തൽഫലമായി എല്ലാ ക്ലാസ്സ് മുറികളിലും, പാചകപുര, ഊണുമുറി എന്നിവിടങ്ങളിൽ അഗ്നിശമന യന്ത്രം ഘടിപ്പിക്കാൻ തീരുമാനിച്ചു. ഇതിനായി ഹെഡ്മിട്രസ്സും ക്ലാസ് ടീച്ചർമാരും ചേർന്ന് പി.ടി.എ. യുടെയും നാട്ടുകാരുടെയും സഹായങ്ങൾ പ്രതീക്ഷിക്കുന്നു. പദ്ധതികാലയളവ് 2018 മുതൽ 2020 വരെയാണ്.